# 'ഐതിഹ്യമാല'യിലെ ദേവീചരിതങ്ങളുടെ സാമൂഹ്യപാഠങ്ങൾ

**ഡോ. ഹേമമാലിനി എം.**

ഏതു കാലത്തും ആഖ്യാനം മനുഷ്യന്റെ ശീലവും സ്വഭാവവുമാണ്. ഈ ആഖ്യാനം കാര്യകാരണങ്ങൾ, ആദിമധ്യാന്തപ്പൊരുത്തങ്ങൾ എന്നിവയോടുകൂടി ക്രമബദ്ധമാകുമ്പോൾ അതു കഥയായി മാറുന്നു. ഓരോ ജനതയും, തങ്ങളുടെ സംസ്കാരത്തോട് ചേർത്തുനിർത്തുന്ന മിത്തുകളും ലെജൻഡുകളുമെല്ലാം ഈ ആഖ്യാന സ്വഭാവത്തിന്റെ പ്രകടനങ്ങളാണ്. ദിവ്യപുരുഷന്മാരുടെയും മറ്റും ജീവചരിത്രങ്ങളും അവരുടെ വിശുദ്ധ സ്നേഹത്തിന്റെ കഥകളും അവരെപ്പറ്റിയുള്ള വികാരജനകങ്ങളായ കഥകളുമൊക്കെയാണ് ലെജൻഡ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ചരിത്രപശ്ചാത്തലം, പാരമ്പര്യം, പ്രാദേശികത, അജ്ഞാതകർതൃത്വം, അത്ഭുതവിവരണം എന്നിവയെല്ലാം ഇവയുടെ അടിസ്ഥാന സ്വഭാവങ്ങളാകുന്നു. ലെജൻഡുകളെ അഥവാ ഐതിഹ്യങ്ങളെ നിലനിർത്തുന്നത് അവയുടെ പ്രാദേശികത്വമാണ്. ഏതു ഐതിഹ്യവും ഏതെങ്കിലും ഒരു ദേശത്തിന്റെ സാംസ്കാരികമോ, സാമൂഹികമോ, പ്രകൃതിസംബന്ധമോ ആയ സവിശേഷതകളെ പുരസ്ക്കരിച്ചാണ് നിലകൊള്ളുന്നത്. വ്യക്തിയിൽ പ്രവർത്തിക്കുന്ന സമൂഹമനസ്സ് കാലാകാലങ്ങളിൽ ഐതിഹ്യങ്ങളെ പ്രചരിപ്പിക്കുക മാത്രമല്ല രൂപപ്പെടുത്തുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്. വർത്തമാനകാലത്തിലെ കെടുതികളെ തമസ്കരിക്കാനുള്ള ഉപായമായോ ഉപകരണമായോ ഐതിഹ്യങ്ങൾ ഉപയോഗിക്കപ്പെടുന്നു.

**ഡോ. ഹേമമാലിനി എം.,** അസ്സി. പ്രൊഫസർ, മലയാളം വിഭാഗം, സെന്റ് മേരീസ് കോളേജ്, തൃശൂർ.




ISSN 2320 - 947 X

മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരു സമൂഹം ചരിത്രത്തെ വാമൊഴിവഴക്കത്തിൽ സൂക്ഷിച്ചവയാണ് ഐതിഹ്യങ്ങളാകുന്നത്. ദക്ഷിണേന്ത്യയിൽ കഥയും ചരിത്രവും ഇഴപിരിഞ്ഞുകിടക്കുന്ന ഒരു നീണ്ട കാലമുണ്ട്. തമിഴകത്തെ മഹാകാവ്യങ്ങളും 'ചരിത'ങ്ങളുമെല്ലാം ഇതിന്റെ സാക്ഷ്യങ്ങളാണ്. നാടുകാണാനും കച്ചവടം ചെയ്യാനുമെത്തിയവരുടെ ഡയറിക്കുറിപ്പുകളിലെ ചരിത്രത്തെ വെല്ലുവിളിച്ചുകൊണ്ട് ഏറെക്കാലം ഈ പാരമ്പര്യകഥാചരിത്രങ്ങൾ ചരിത്രങ്ങളായി പിടിച്ചുനിന്നു. ഐതിഹ്യങ്ങൾക്കു ചരിത്രനിർമ്മിതിയിലെ സാധുതയും പ്രായോഗികതയും ചോദ്യം ചെയ്തതു പ്രയോജനവാദികളായ സാമൂഹ്യനരവംശവിജ്ഞാനീയക്കാരാണ്. ചരിത്രസാമഗ്രികളെക്കൊണ്ട് സാധൂകരിക്കാത്ത കഥകളുടെ സാരാംശത്തെ ചരിത്രമായി സ്വീകരിക്കുന്നതിനെ ഇവർ വിമർശിക്കുന്നു. തുടർന്ന് ഐതിഹ്യങ്ങളെ ചരിത്രവസ്തുതകൾ എന്നതിൽ നിന്നു മാറി അവയിൽ നിന്നു വായിച്ചെടുക്കാവുന്ന സാമൂഹ്യഘടനകൾക്ക് ചരിത്രത്തിലുള്ള പ്രസക്തിയെക്കുറിച്ച് ചിന്തിക്കുന്നു. ഏതു ദേശത്തിലും പ്രചരിക്കുന്ന ഇത്തരം ഐതിഹ്യങ്ങൾ ചില അടിസ്ഥാന ഘടകങ്ങളുടെ സംയോജിത രൂപമാണെന്ന് ഈ ചിന്താപദ്ധതിയിലെ അന്വേഷണങ്ങൾ വെളിപ്പെടുത്തുന്നു.

കേരളത്തിൽ ഭഗവതി ക്ഷേത്രങ്ങൾക്കു ഏറെ പ്രാധാന്യമുണ്ട്. ഓരോ ഗ്രാമത്തിലും ആ ഗ്രാമത്തിന്റെ മുഴുവൻ കാവലാളായി ഒരു ഭഗവതിയും കാവും ഉണ്ടായിരിക്കും. ഇത്തരം കാവിൽ ഭഗവതിമാരെക്കുറിച്ചുള്ള വിവിധങ്ങളായ ഐതിഹ്യങ്ങൾ പാട്ടായും കഥയായും ഏറെ പ്രചരിച്ചിട്ടുണ്ട്. കേട്ടുപരിചയിച്ച ഇത്തരം കുറേ ഐതിഹ്യങ്ങളുടെ ലിഖിതരൂപമാണ് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാല'. ഈ ഗ്രന്ഥത്തിൽ അദ്ദേഹം ഏഴ് ഭഗവതി ക്ഷേത്രങ്ങളെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ നൽകുന്ന സാമൂഹ്യപാഠങ്ങളെ വായിച്ചെടുക്കാനാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്.

'ഐതിഹ്യമാല'യിലെ ഈ ഭഗവതിക്കഥകൾക്കെല്ലാം സമാനമായ ചില ഘടകങ്ങളുണ്ട്. വ്ളാഡിമർ പ്രോപ്പ് റഷ്യൻ നാടോടിക്കഥകളെ അപഗ്രഥിച്ചുകൊണ്ട് അവതരിപ്പിച്ച് സ്ഥിരരാശികളായും ചരരാശികളായും ഈ ഘടകങ്ങളെ മനസ്സിലാക്കാം. എല്ലാ ഐതിഹ്യ

ങ്ങളിലുമുള്ള ഭക്തന്റെ കൂടെ ഇറങ്ങിവരുന്ന ഭഗവതി, സ്വപ്നദർശന
ങ്ങളിലൂടെ ഭഗവതി തനിക്കിരിക്കാനുള്ള ഇടം, ആരാധിക്കേണ്ട
ബിംബം എന്നിവയെക്കുറിച്ചുള്ള സൂചനകൾ നൽകുക, നാടുവാഴി
ക്ഷേത്രപരിരക്ഷ ഏറ്റെടുക്കുക, സ്വത്തു ക്ഷേത്രത്തിനായി ദാനം
നൽകുക - ഇവയാണ് ഈ ഐതിഹ്യങ്ങളിലെ സ്ഥിരരാശികൾ.
ഓരോ കഥയിലേയും ഭഗവതിമാർ നടത്തുന്ന പരീക്ഷണങ്ങളും അത്ഭു
തപ്രവൃത്തികളുമാണ് ഇവയിലെ പ്രോപ്പിന്റെ ചരരാശികൾ.

സ്ഥിരരാശികളും ചരരാശികളുമായി അപഗ്രഥിക്കാവുന്ന ഈ
ഐതിഹ്യങ്ങളെല്ലാം ചില സമാന പാഠങ്ങളാണ് മുന്നോട്ടുവയ്ക്കുക
എന്നാണ് പ്രോപ്പിന്റെ പഠനങ്ങൾ പറയുന്നത്. അതനുസരിച്ച് ഈ
ഭഗവതി ഐതിഹ്യങ്ങളും അപഗ്രഥിച്ച് ചില സാമാന്യ ധാരണകളി
ലേക്കു എത്തിച്ചേരാം. ഐതിഹ്യകഥാകാലത്ത് നിലനിന്നിരുന്ന
സവർണ്ണ അധികാര മേൽക്കോയ്മ, കേരളത്തിലെ ക്ഷേത്രങ്ങൾ ഭര
ണസാംസ്കാരിക കേന്ദ്രങ്ങളായി വർത്തിച്ചിരുന്ന കാലത്ത് ക്ഷേത്ര
സ്വത്തിന്റെ - ദേവസ്വത്തിന്റെ കൈകാര്യകർതൃത്വത്തിന്റെ രീതികൾ,
ആര്യാധിനിവേശം എന്നിവയാണ് ആദ്യപാരായണം നൽകുന്ന
സാമാന്യ പാഠങ്ങൾ. ഇവയാകട്ടെ കേരള ചരിത്രത്തിൽ വേണ്ടത്ര ചരി
ത്രസാമഗ്രികളുടെ തെളിവുകളോടെ രേഖപ്പെടുത്തിയിരിക്കുന്ന വസ്തു
തകളുമാണ്. ഈ ഐതിഹ്യങ്ങൾ ആ ചരിത്രവസ്തുതകളെ പിൻതാ
ങ്ങുന്നു എന്നു മാത്രം. ഐതിഹ്യങ്ങളെ ഈ ചരിത്രവസ്തുതകളുടെ
ആവർത്തിച്ചുള്ള വായനകൾക്കായല്ല ഉപയോഗിക്കേണ്ടത്. അനാൽ
സ്കൂൾ എന്ന ചരിത്ര പഠന സംഘം കാലത്തെക്കുറിച്ച് പുതിയൊരു
കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്നുണ്ട്. കാലത്തെ പല അടരുകളായി
പരികല്പിച്ച് അവയെ രാഷ്ട്രീയ കാലം, സാമൂഹികകാലം, ഭൗമകാലം
എന്നിങ്ങനെ വേർതിരിച്ച് മനസ്സിലാക്കുന്നു. ഇതിൽ കുടുംബം, ഉല്പാ
ദനരീതികൾ, ഭാഷ, സാഹിത്യം, സംസ്ക്കാരം എന്നിവയെല്ലാം
ഉൾക്കൊള്ളുന്ന അടരാണ് സാമൂഹികകാലം. അനാൽ സ്കൂളുകാർ
പറയുന്നത് വാമൊഴിവഴക്കങ്ങൾ, ഐതിഹ്യങ്ങൾ എന്നിവയുടെ അപ
ഗ്രഥനത്തിലൂടെ ഈ സാമൂഹിക കാലത്തെയാണ് തിരിച്ചറിയാനാ
കുക എന്നാണ്. അതുകൊണ്ട് ഈ സാമൂഹിക കാലത്തെ വായിച്ചെ
ടുക്കുമ്പോഴേ ഐതിഹ്യ പഠനങ്ങൾ അർത്ഥവത്താകൂ.




ISSN 2320 - 947 X

'ഐതിഹ്യമാല'യിലെ ഈ ഏഴ് ഭഗവതി ഐതിഹ്യങ്ങളും കേരളത്തിലെ ഓരോ ഇടങ്ങളിൽ നടത്തപ്പെട്ടിട്ടുള്ള ഭഗവതി പ്രതിഷ്ഠകളെക്കുറിച്ചാണ് പറയുന്നത്. പുറംനാടുകളിൽ നിന്നു ഈ ദേശങ്ങളിലേക്കു പ്രിയഭക്തന്റെ/ഭക്തയുടെ ഒപ്പം കുടിയേറുന്ന ഭഗവതിമാർ, പിന്നീട് ആ ദേശത്തെ ജനങ്ങളെ മുഴുവൻ തന്റെ വിശ്വാസികളാക്കി തീർക്കുന്ന അത്ഭുത പ്രവൃത്തികൾ. ഇതാണ് ഈ കഥകളുടെ സാരം. ഈ ദേവിപ്രതിഷ്ഠകൾ കേരള സംസ്കൃതിയിൽ എഴുതിച്ചേർക്കുന്ന പാഠങ്ങൾ എന്താണ് എന്നാണ് അന്വേഷിക്കേണ്ടത്. ദ്രാവിഡ പാരമ്പര്യത്തിലെ ആസുരരൂപിണികളായ അമ്മദൈവങ്ങൾക്കു പിറകെ ബുദ്ധ ജൈന വിശ്വാസങ്ങൾ, ഇവയെല്ലാം തുടച്ചുനീക്കിക്കൊണ്ടുള്ള ആര്യവത്ക്കരണം, വിദേശ മതങ്ങളുടെ കടന്നുവരവുകൾ എന്നീ ക്രമത്തിലാണ് ഇവിടെ മതവിശ്വാസങ്ങൾ രൂപപ്പെട്ടത്. ഇവയ്ക്കിടയിൽ ഉത്തരേന്ത്യയിലും തമിഴകത്തും വലിയ അലകളുയർത്തിയ ശൈവ വൈഷ്ണവ ഭക്തിപ്രസ്ഥാനങ്ങൾ കേരളത്തിലും 'തിരുപ്പതി'കളും 'ദിവ്യക്ഷേത്ര'ങ്ങളും സ്ഥാപിച്ച് സാന്നിദ്ധ്യമറിയിച്ചുവെങ്കിലും ഇതര സ്ഥലങ്ങളിൽ അവയ്ക്കുണ്ടായിരുന്ന തീവ്രതയും ജനകീയതയും കേരളത്തിലുണ്ടായിരുന്നു എന്നു പറയാനാകില്ല. ഏതു വിധത്തിലും ഈ ഭക്തിപ്രസ്ഥാനങ്ങളും ജൈന, ബുദ്ധ തുടങ്ങിയുള്ള പുതുമതങ്ങളും കേരളത്തിൽ നിലനിന്നിരുന്ന ദ്രാവിഡാചാരങ്ങളെ നിരാകരിച്ചും നിഷേധിച്ചും അവയുടെ ബദലുകളായാണ് പോക്കുവരവുകൾ നടത്തിയത്. അങ്ങനെയെങ്കിൽ ഐതിഹ്യങ്ങളിൽ പറയുന്ന ഈ ദേവീ പ്രതിഷ്ഠകളും ചരിതങ്ങളും പുറം മതങ്ങൾ തമസ്ക്കരിക്കാൻ ശ്രമിച്ച അമ്മദൈവങ്ങളുടെ ഗ്രാമങ്ങളിലേക്കുള്ള തിരിച്ചുവരവുകളായി വായിച്ചെടുക്കാം.

രാഷ്ട്രീയവും മതപരവുമായ അവ്യവസ്ഥകൾ നിലനിൽക്കുന്ന ഒരു കാലത്തിൽ ഒരു ഗ്രാമത്തിന്റെ/കരയുടെ കൂട്ടായ്മയുടെ സ്വപ്നമാണ് ഈ പ്രതിഷ്ഠകൾ മുന്നോട്ടുവയ്ക്കുന്നത്. നാട്ടുരാജാക്കന്മാർ തമ്മിൽ നടക്കുന്ന നിരന്തരസമരങ്ങൾ കലുഷിതമാക്കിയ ഒരു കാലത്തിൽ, മാറിക്കൊണ്ടിരിക്കുന്ന ഭൂമിശാസ്ത്ര ഭൂപടങ്ങളുടെ അവ്യവസ്ഥിതത്വത്തിൽ ഒരമ്മയുടെ മക്കൾ എന്ന കല്പനയിൽ ഒരു ജനത ഒരുമിച്ചു നിൽക്കുന്ന ഒരിടമാണ് ഈ ഐതിഹ്യകഥകളുടെ ആദർശ ഭൂമിശാസ്ത്രം.

കേരളത്തിൽ തെയ്യങ്ങൾക്കു ഒരു വിശുദ്ധ ഭൂമിയുണ്ടെന്നു രാഘവവാരിയർ. സ്ഥാപനങ്ങളുടെ പെരുക്കം, അതിന്റെ ഭൗതീകാവശ്യം പ്രമാണിച്ച് കൂട്ടായ്മകളിൽ ഓരോ വ്യക്തിയുടെയും കയ്യാൽ കൽപ്പിച്ച സഹായസഹകരണങ്ങൾ ആവശ്യപ്പെടുന്നതാണ് ഇത്തരം വിശുദ്ധ ഭൂമിശാസ്ത്രം ഉരുവപ്പെടാൻ കാരണമായതെന്നു അദ്ദേഹം പറയുന്നു. അതാകട്ടെ ആ സമൂഹഘടനയുടെ സ്വഭാവത്തിനനുസരിച്ചുള്ള തൊഴിൽ കൂട്ടായ്മകളുടെയും സേവനകൂട്ടായ്മകളുടെയും വിന്യാസമാണ്.

ഐതിഹ്യമാലയിൽ പറയുന്ന ഈ ഭഗവതീ ക്ഷേത്രങ്ങളെല്ലാം തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങളിലുൾപ്പെട്ടവയാണ്. ഉത്തരകേരളത്തിൽ പുറം വിശ്വാസങ്ങളുടെ കുത്തൊഴുക്കുകളിൽ ഒലിച്ചുപോകാതെ നിന്ന ദ്രാവിഡ വിശ്വാസങ്ങളുടെ പിൻതുടർച്ചയായി തെയ്യങ്ങളും അവയുടെ വിശുദ്ധഭൂമിയും നിലനിന്നപ്പോൾ ഇവക്കു സമാന്തരമായി തെയ്യങ്ങളില്ലാത്ത ഇടങ്ങളിൽ, ആര്യമതങ്ങൾ തമസ്കരിച്ചതോ അവരുടെ രീതിക്കനുസരിച്ച് നവീകരിച്ചതോ ആയ ക്ഷേത്രങ്ങൾക്കു പകരം അമ്മദൈവങ്ങളുടെ കുടിയേറ്റങ്ങളുടെ ഉല്പത്തിക്കഥകൾ രൂപപ്പെട്ടതാകാം.

അബോധപൂർവ്വമായെങ്കിലും ആര്യദൈവ സങ്കല്പത്തെ ഈ ദൈവങ്ങൾ ചെറുക്കുന്നുണ്ട്. ഐതിഹ്യങ്ങളിൽ എല്ലാ ദേവിമാരും അത്ഭുതപ്രവൃത്തികൾ കൊണ്ട് ദൈവീകത ബോധ്യപ്പെടുത്തുമ്പോഴും, ഒരേ സമയം രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പ്രാകൃത അമ്മ ദൈവത്തിന്റെ സ്വഭാവവടിവിലാണ് ഈ ദേവിമാർ അവതരിപ്പിക്കപ്പെടുന്നത്. വൈദിക പൂജാവിധികൾ, ബ്രാഹ്മണരായ പൂജാരികൾ എന്നിങ്ങനെ ഐതിഹ്യങ്ങളെ, അതിലെ ദേവിമാരെ ആര്യരീതികളോട് അടുപ്പിച്ച് നിർത്താൻ ശ്രമിക്കുമ്പോഴും ഭഗവതി ആവശ്യപ്പെടുന്ന ചില ഇഷ്ടനിവേദ്യ വിവരണങ്ങൾ ദേവിയുടെ പ്രാദേശികത്തനിമയിലേക്കുള്ള സ്വഭാവമടക്കത്തിന്റെ സൂചനകളാണ് നൽകുന്നത്. സൗന്ദര്യം, സഭ്യത, സാത്വികത എന്നീ വൈശിഷ്ട്യങ്ങളിലൂടെ 'ആദ്യദേവീ' സങ്കൽപ്പങ്ങൾ നിലനിർത്തുവാൻ ശ്രമിക്കുമ്പോൾതന്നെ തനിക്കിഷ്ടപ്പെട്ട പേര്, ആഭരണം, ഇടം എന്നിങ്ങനെയുള്ള നിസ്സാര തന്നിഷ്ടങ്ങളും പിടിവാശികളുമായി ആര്യ സാത്വിക സങ്കൽപ്പത്തെ തകർത്തുകളയുകയും ചെയ്യുന്നു.




ISSN 2320 - 947 X

ഈ ഐതിഹ്യങ്ങളിൽ ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുതകൂടിയുണ്ട്. ഇവയിൽ അക്കരെ ദേശത്തുനിന്നും പുഴ നീന്തിയും, കുടപ്പുറത്ത് സഞ്ചരിച്ചുമെല്ലാം ഇവിടെയെത്തിയ ഭഗവതിമാരിൽ കുറേപേർ, ശാസ്താവിനോ മുരുകനോ ആയി പണികഴിപ്പിച്ചിട്ട ഇടങ്ങളിലാണ് അനുവാദം ചോദിക്കാതെ കയറിയിരിക്കുന്നത്. കേരളത്തിലേക്കു കുടിയേറി വന്ന മതങ്ങളാണ് ഇവിടെ ഇത്രയധികം പുരുഷദൈവങ്ങളെ പരിചയപ്പെടുത്തിയത്. അമ്മദൈവത്തിന്റെ പൊയ്പോയ പ്രാമാണ്യത്തെ തിരിച്ചു പിടിക്കലാണ് ഈ ഇടം കയ്യേറ്റത്തിൽ കാണാനാകുക.

കേരളത്തിലെ പഴയ കാവുകളിലെ അമ്മ ദൈവങ്ങൾ ദേവതാസങ്കൽപ്പത്തെ മാത്രമല്ല ഇവിടെ നിലനിന്നിരുന്ന മരുമക്കത്തായ വ്യവസ്ഥയുടെ സ്വഭാവരീതികളേയും അനുവർത്തിച്ചിരുന്നു. സാമൂഹിക ജീവിതത്തിലെ പരസ്പരബന്ധങ്ങളും വിലക്കുകളും വിശ്വാസങ്ങളുമാണ് കാവുകളിലും ഭഗവതിമാർതമ്മിലുള്ള ചാർച്ചകളിലും പ്രതിനിധീകരിക്കുന്നത്. ഒരു ഗ്രാമം മുഴുവൻ പങ്കെടുക്കുന്ന നാടിന്റെ ഉത്സവങ്ങളായിരുന്നു കാവുകളിലെ തിറ, താലപ്പൊലി ആഘോഷങ്ങൾ. ആര്യാധിനിവേശം കേരളത്തിൽ ഒരു സാംസ്കാരിക അധിനിവേശം കൂടിയാണ് നടത്തിയത്. അനാര്യമായി തോന്നിയതിനെ അധിക്ഷേപിക്കാനും നിരാകരിക്കാനുമാണ് ആ സംസ്കൃതി ശ്രമിച്ചത്. അധികാരം ദണ്ഡനങ്ങളിലൂടെയല്ല മറിച്ച് വേദജ്ഞാന തികവുകളിലൂടെയും മികവുകളിലൂടെയും പ്രയോഗിച്ചാണ് ഈ സാംസ്കാരിക അധിനിവേശം നടപ്പാക്കിയത്. കേരളത്തിലുണ്ടായിരുന്ന ആരാധനാരീതികളിലും സമൂലമായ പരിവർത്തനം ഈ ആര്യാധിനിവേശം സംഭവിപ്പിച്ചു. ഉഗ്രമൂർത്തികളെ സാത്വികരാക്കിയും തങ്ങളുടെ പുതിയ പുരുഷദൈവങ്ങളെ പ്രതിഷ്ഠിച്ചും സംസ്കൃത വൈദിക പൂജാവിധികളുടെ പരിശീലനം സിദ്ധിച്ച ബ്രാഹ്മണരുടെ മാധ്യസ്ഥത്തിലൂടെ മാത്രം നടത്താവുന്ന ഒന്നാക്കി ഈശ്വരരാധനയെ മാറ്റി മറിച്ചുമാണ് ഈ പരിവർത്തനങ്ങൾ നടപ്പാക്കിയത്. ഈ പ്രക്രിയയിൽ ഇവിടെ നിലനിന്നിരുന്ന പല മൂർത്തികളേയും തള്ളിക്കളയുകയും തങ്ങൾക്കു ഉൾക്കൊള്ളാനാവുന്നവയെ വേണ്ടവിധത്തിലുള്ള പരിഷ്കാരങ്ങൾ ചെയ്തു സ്വീകരിക്കുകയും ചെയ്തു.

ഈ ഐതിഹ്യകഥകളിൽ പറയുന്ന ദേവീപ്രതിഷ്ഠകളിൽ ബ്രാഹ്മണർക്കുള്ള സ്ഥാനത്തെ തള്ളിക്കളയാനാകില്ല. ദേവി തെരഞ്ഞെടുക്കുന്ന ഭക്തൻ, പിന്നീട് ദേവിയുടെ സപര്യ ചെയ്യുന്നവർ, സ്വത്ത് കൈകാര്യം ചെയ്യുന്നവർ എല്ലാം ബ്രാഹ്മണരാണ്. ആ കാലഘട്ടത്തിലെ സാമൂഹ്യക്രമത്തിൽ ക്ഷേത്രങ്ങളിൽ നിന്നും ഒഴിവാക്കാനാകാത്ത ഘടകങ്ങളായി ഇവർ മാറിക്കഴിഞ്ഞിരുന്നു. എന്നാൽ പൊതുവായി ഇത്തരം സന്ദർഭങ്ങളിൽ വായിച്ചെടുക്കുന്ന ആര്യാധിനിവേശത്തിന്റെ കയ്യൊപ്പുകൾ മാത്രമായി ഈ ഐതിഹ്യങ്ങളെ മാറ്റിനിർത്തിക്കൂടാ. ഭരിക്കാനും കൈകാര്യനടത്തിപ്പിനുമായി നിലവിൽ എത്രയോ ക്ഷേത്രങ്ങളുണ്ടായിരുന്ന ആര്യസമൂഹത്തിനു തങ്ങളുടെ അധികാരത്തെ ഉറപ്പിക്കുന്നതിനായി വീണ്ടും ക്ഷേത്രപ്രതിഷ്ഠകളുടെ ഐതിഹ്യകഥകൾ മെനയേണ്ട കാര്യമില്ല. അതുകൊണ്ടുതന്നെ ഈ ഐതിഹ്യകഥകൾ, മാറി മാറി വന്ന ജൈന ബുദ്ധ ആര്യ മതങ്ങളും ശങ്കരാചാര്യരുടെ വ്യവസ്ഥാപിത നിയമാവലികളും സംസ്കൃത ദൈവങ്ങളും അന്യമാക്കിയ ഗ്രാമത്തിന്റെ കാവലാളുകളായ അമ്മദൈവങ്ങളുടെ പുനഃപ്രതിഷ്ഠകളായി, ആര്യാധികാരത്തിന്റെ ഒഴിവാക്കാനാകാത്ത നിഴൽപ്പാടുകൾ വീണുകിടക്കെത്തന്നെ ദ്രാവിഡസ്വത്വത്തിന്റെ ഉണർച്ചകളുടെ ഓർമ്മപ്പെടുത്തലുകളായി നിലനിൽക്കുന്നു എന്നു തീർച്ചയായും വിശദീകരിക്കാം.